**ആഗോളവൽക്കരണത്തിലൂടെയും നവ ഉദാരവൽക്കരണത്തിലൂടെയും സാധാരണ ജനങ്ങളുടെ അടിസ്ഥാന അവകാശങ്ങൾ-സ്വാതന്ത്ര്യം, ജനാധിപത്യം, വികസനം, ഭാവി നഷ്ടപ്പെടുകയാണ്. ഭരണകൂടങ്ങളോ, രാഷ്ട്രീയ പാർട്ടികളോ, ഇത്തരമൊരു അപകടത്തിൽനിന്ന് ജനങ്ങളെ മോചിപ്പിക്കുമെന്ന് വിശ്വസിക്കാനാവാത്ത അവസ്ഥയാണ് ചുറ്റിലുമുള്ളത്. യഥാർത്ഥ ജനാധിപത്യത്തിലൂടെ, ജനാധികാരത്തിലൂടെ ഓരോ പൗരനും നേടിയെടുക്കേണ്ട രാഷ്ട്രീയ അധികാരമാണ് പരിഹാരം. പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നു.**

# ബഹുരാഷ്ട്ര കുത്തകകളുടെ കടന്നുകയറ്റത്തെ പ്രതിരോധിക്കുക...

കേരള സർവ്വോദയ മണ്ഡലം

സാമ്രാജ്യത്വശക്തികൾക്കെതിരെ ഭാരതത്തിൽ ഉയർന്ന ഐതിഹാസിക മുദ്രാവാക്യമായിരുന്നു ''ക്വിറ്റ് ഇന്ത്യ''. മഹാത്മജി ആഹ്വാനം ചെയ്ത അന്തിമസമരത്തിന് ശേഷം അഞ്ചുവർഷം പിന്നിട്ടപ്പോൾ ഭാരതത്തിന് രാഷ്ട്രീയ സ്വാതന്ത്ര്യം ലഭിച്ചു. സ്വാതന്ത്ര്യത്തെ കുറിച്ച് ഗാന്ധിജി പറഞ്ഞത് ഇപ്രകാരമാണ്: **''കേവലമായ രാഷ്ട്രീയ സ്വാതന്ത്ര്യം കൊണ്ട് ഒരു രാജ്യം സമ്പൂർണ്ണമായും സ്വതന്ത്രമായി എന്ന് പറയാനാകില്ല. സാമ്പത്തികവും, ധാർമ്മികവും, ആത്മീയവുമായ തലങ്ങളിൽ കൂടി സ്വാതന്ത്ര്യം കൈവരിക്കാനാകുമ്പോഴാണ് പൂർണ്ണസ്വരാജ് യാഥാർത്ഥമാകുന്നത്''.**

സ്വതന്ത്രഭാരതം അറുപത് വർഷം പിന്നിട്ടിട്ടും ഇത്തരമൊരു പൂർണ്ണസ്വരാജ് കരഗതമായിട്ടില്ലെന്ന് ഏതൊരാൾക്കും ബോദ്ധ്യമുണ്ട്. എന്നാൽ ത്യാഗപൂർണ്ണമായ പോരാട്ടങ്ങളിലൂടെ നാം നേടിയെടുത്ത കേവലമായ രാഷ്ട്രീയ സ്വാതന്ത്ര്യവും, പരിമിതമായ സാമ്പത്തികഭദ്രതയും നമുക്ക് നിലനിർത്താനാകുന്നുണ്ടോ? ഇല്ലെന്നാണ് വർത്തമാനകാല യാഥാർത്ഥ്യങ്ങൾ നമ്മെ അറിയിച്ചുകൊണ്ടിരിക്കുന്നത്. സാമ്രാജ്യത്വശക്തികളുടെ പുതിയ രൂപങ്ങളായ ബഹുരാഷ്ട്ര കുത്തകകളും, അന്താരാഷ്ട്ര സാമ്പത്തിക ഏജൻസികളും നമ്മെ കൂടുതൽ കൂടുതൽ അസ്വാതന്ത്ര്യത്തിലേക്ക് നയിക്കുകയാണ്.

സ്വാശ്രയത്വം, വികേന്ദ്രീകരണം, ഗ്രാമസ്വരാജ്, പങ്കാളിത്തഭരണം, സ്വദേശി എന്നിങ്ങനെയുള്ള ഗാന്ധിയൻ സംജ്ഞകളെ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ടും, ദുരുപയോഗപ്പെടുത്തികൊണ്ടുമാണ് ബഹുരാഷ്ട്ര കുത്തകകൾ നമ്മുടെ രാജ്യത്തെ അസ്വാതന്ത്ര്യത്തിലേക്ക് തിരിച്ചുകൊണ്ടുപോകുന്നത്. തദ്ദേശീയ ഭരണകൂടങ്ങളെ ഇതിനുള്ള ഉപകരണങ്ങളാക്കി മാറ്റുകയും ചെയ്യുന്നു.

ആഗോളീകരണത്തിന്റെ പിൻബലത്തോടെ മൂലധന വ്യാപനത്തിന് അനുയോജ്യമായ കയറ്റിറക്കുമതി നയങ്ങളും, നിയമങ്ങളും അതത് പ്രദേശത്തെ ഗവൺമെന്റുകളെ കൊണ്ട് നടപ്പാക്കിച്ചുകൊണ്ട് ആധിപത്യം സ്ഥാപിക്കുക എന്നതാണ് കുത്തകകൾ സ്വീകരിക്കുന്ന ഒന്നാമത്തെ തന്ത്രം. പൊതുമേഖലക്ക് മുൻകൈയുള്ള രംഗമാണെങ്കിൽ ജനപങ്കാളിത്തം, വികേന്ദ്രീകരണം എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ട് ഉത്തരവാദിത്വം ജനങ്ങളെ ഏൽപ്പിക്കുന്നു. അദൃശ്യമായ പല നിയന്ത്രണങ്ങളും നിലനിൽക്കുന്നതിനാൽ പ്രസ്തുത സംരംഭം ജനകീയകമ്മിറ്റിക്ക് മുന്നോട്ട് കൊണ്ടുപോകാൻ പറ്റാതെ അനിശ്ചിതത്വത്തിലാകും. ഈ അവസരത്തിൽ കുത്തകകൾ കടന്നുവരുന്നു. ഇതാണ് രണ്ടാമത്തെ തന്ത്രം.

കാർഷിക മേഖലയിലും വ്യവസായ രംഗത്തും കോർപ്പറേറ്റ് ആധിപത്യവും ചില്ലറ വില്പനരംഗത്ത് കുത്തകകളും വിദ്യാഭ്യാസ രംഗത്ത് ലാഭാധിഷ്ഠിതമായ ലക്ഷ്യങ്ങളോടെ കമ്പനികളും. ആരോഗ്യ മേഖലയിൽ തകർച്ചയും സംഭവിച്ചുകൊണ്ടിരിക്കുന്നു. സുരക്ഷ പോലും സ്വകാര്യവൽക്കരിക്കുന്നു.

### പരിഹാരം ഗാന്ധിമാർഗ്ഗത്തിൽ

മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്ക് പ്രതിരോധവും, പരിഹാരവും ഉണ്ടാകേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഗാന്ധിജി വിഭാവനം ചെയ്ത സർവ്വോദയദർശനത്തിൽ ഇതിനായുള്ള വ്യക്തമായ നിർദ്ദേശങ്ങളുണ്ട്. ഏതാനും സൂചനകൾ താഴെ കൊടുക്കുന്നു.

1. അധികാര രാഷ്ട്രീയത്തേക്കാൾ ആദർശ രാഷ്ട്രീയത്തിന് മുൻഗണന നൽകുക.

2. ജനങ്ങളിൽ അധികാരം നിക്ഷിപ്തമാകുന്ന യഥാർത്ഥ പഞ്ചായത്തീരാജ് സ്ഥാപിതമാകണം. തീരുമാനങ്ങളെടുക്കാനും, നടപ്പിലാക്കി എന്നുറപ്പ് വരുത്താനും നിയമപരമായി അധികാരമുള്ള ഗ്രാമസഭകളുണ്ടാകണം.

# കുംഭനിലാവുപോലെ

ചന്ദ്രിക

**കലശമലക്കുന്നിൽ** മേഘങ്ങളിൽ ഒളിച്ചു കളിച്ച് കുംഭനിലാവ് ഇരുളും വെളിച്ചവും മാറി മാറി കൈമാറി.

ഉണങ്ങിയ പുൽപ്പരപ്പിനു മേലെവിരിച്ച പുൽപ്പായിൽ തുറന്ന ആകാശത്തിനു കീഴെ ഒരു രാത്രി. എന്നോ കണ്ട് മറന്ന നടക്കാത്ത നല്ല സ്വപ്നം. സ്വപ്നം ചിലപ്പോൾ ഫലിക്കുമല്ലോ. നമുക്ക് നല്ല സ്വപ്നങ്ങൾ കാണാം.

പാട്ടും കളിയും ചർച്ചകളും മയക്കത്തിനും ഉണർച്ചയ്ക്കുമിടയിൽ ദൂരെ നിന്നെന്നപോലെ ഒഴുകി വന്ന ഗാനങ്ങളും താളമേളങ്ങളും നിലാവില ലിഞ്ഞ്....

പുതിയ തലമുറയിലെ അഭ്യസ്തവിദ്യർ. പഠിക്കാനെത്തിയവർ. ഇന്നെവിടെയും കണ്ടുമുട്ടുന്നവർ. ദിശയറിയാത്തവർ. ലക്ഷ്യമില്ലാത്തവർ. ആഗ്രഹിക്കുന്നതെല്ലാം നേടിക്കഴിഞ്ഞ് സമൂഹത്തെ സേവിക്കാനാഗ്രഹിക്കുന്നവർ. എന്താണ് ആഗ്രഹിക്കുന്നതെന്നറിയാത്തവർ.

പരിസ്ഥിതിയും വികസനവും രണ്ടറ്റങ്ങളാണോ? കൂട്ടിമുട്ടാനാവാത്തവ?

ഭൂമിയിലുള്ളതെല്ലാം മനുഷ്യനു വേണ്ടിയാണ് എന്ന് വീറോടെ വാദിക്കുന്നവർ. മനുഷ്യർ രണ്ടുതരം. കിട്ടാവുന്നതെല്ലാം എടുക്കുന്നവർ, എന്തിനെന്ന് നിശ്ചയമില്ലാതെ. എടുക്കാനറിയാത്തവർ, ഇരകളാകുന്നവർ. ഇരകളെ രക്ഷിക്കാൻ പോയി ഇരകളാകുന്നവർ. രക്ഷകർ.

ഇടിച്ചക്കയും മുതിരയും പുഴുക്ക് വെച്ച് തേങ്ങച്ചമ്മന്തിയും കൂട്ടി പ്ലാവില കൊണ്ട് കഞ്ഞി കുടിക്കാൻ പ്രത്യേക കൂട്ടായ്മകൾ തന്നെ വേണം. ഓർമയിലെത്തിയത് കോൾപ്പാടത്തെ കൊയ്ത്തുകാലം. രാത്രി വരെ കൊയ്ത കറ്റ കേറ്റി, രാത്രിയിൽ കറ്റ മെതിക്കാൻ ഇടപ്പായയ്ക്കലെത്തി പാട്ടും ചിരിയും കഥപറച്ചിലും മുതിരപ്പുഴുക്കും കഞ്ഞിയും. പണികൾ ഉത്സവമാക്കിയവർ.

ഇത്തിരികാലം ഭൂമിയിൽ ജീവിക്കേണ്ടതെങ്ങനെയാണ്?

പഴം മാത്രം കഴിച്ച്, ഹിമാലയവും സഹ്യനും കാൽനടയിൽ കണ്ടറിഞ്ഞ്, ഒന്നും പറയാതെ, എഴുതാതെ, എടുക്കാതെ, കൊടുക്കാതെ, ആർക്കും ഒന്നും നഷ്ടപ്പെടുത്താതെ, ജീവിച്ചു കടന്നുപോയ മുഹമ്മദാലി തരുന്ന സന്ദേശം പൂനിലാവുപോലെ. നിലാവിന്റെ കൂട്ടായ്മയ്ക്ക്.

*'ജ്യോത്സന', ശ്രീകൃഷ്ണപുരം, പാലക്കാട്*

3. കാർഷിക-വ്യസായ മേഖലകളിലെ ഉൽപാദനത്തിനും, വിപണനത്തിനും സംരക്ഷണം നൽകുന്ന നിയമങ്ങൾ പുനഃസ്ഥാപിച്ച് നടപ്പിൽ വരുത്തണം.

4. തദ്ദേശീയമായ ഉൽപ്പന്നങ്ങൾ ഉപയോഗിക്കാൻ സ്വയം സന്നദ്ധമാകുന്ന ജനസംസ്കാരം വളർത്തണം.

5. മനുഷ്യാദ്ധ്വാനത്തിന് മഹനീയത കൽപ്പിച്ചുകൊണ്ടുള്ള ഉൽപാദന സമ്പ്രദായം ആവിഷ്കരിക്കണം.

6. അഭിരുചിക്കനുസൃതമായി പഠനം നടത്താൻ അവസരമുള്ള വിദ്യാഭ്യാസ അന്തരീക്ഷം ഉണ്ടാകണം, അപ്പർ പ്രൈമറി തലം മുതൽ വൈവിദ്ധ്യവൽക്കരണത്തിനുള്ള സാദ്ധ്യത ഉണ്ടാകണം.

7. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുപകരം തൊഴിലിലൂടെ ഉള്ള വിദ്യാഭ്യാസം എന്ന രീതി വികസിപ്പിക്കണം.

8. വിദ്യാർത്ഥികൾ, വിദ്യാഭ്യാസ പ്രവർത്തകർ, രക്ഷിതാക്കൾ എന്നിവരുടെ പങ്കാളിത്തം എല്ലാ രംഗത്തും നിലനിർത്തുന്ന വിധമുള്ള ഉന്നത വിദ്യാഭ്യാസ അന്തരീക്ഷം സൃഷ്ടിക്കണം.

9. കക്ഷിരഹിതവും വികേന്ദ്രീകൃതവുമായ ഭരണ സമ്പ്രദായം നിലവിൽ വരണം.

10. ജാതി-മത-വ്യവസായ സമ്മർദ്ദഗ്രൂപ്പുകൾക്ക് വിധേയമാകുന്ന പ്രാതിനിധ്യ ജനാധിപത്യത്തിനുപകരം പങ്കാളിത്ത ജനാധിപത്യത്തിന് അവസരമൊരുക്കണം.

11. കക്ഷിരഹിതമായ സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്തണം.

12. കൂടുതൽ മൂലധനം ആവശ്യമുള്ള മേഖലകളിൽ കുത്തകകളെ ആശ്രയിക്കാതെ, കക്ഷിരഹിത സഹകരണ പ്രസ്ഥാനം നേതൃത്വം ഏറ്റെടുക്കണം.

13. പുരോഗമനപരമായ സാമൂഹ്യമാറ്റത്തിനുതകുന്ന ആശയപ്രചാരണത്തിന് രാഷ്ട്രീയ പ്രസ്ഥാനങ്ങളും മറ്റ് സാമൂഹ്യ സംഘടനകളും പ്രവർത്തിക്കണം.

14. ശാസ്ത്ര സാങ്കേതിക രംഗത്തെ മികവുകൊണ്ടും, ജനസംഖ്യ കൊണ്ടും മുൻപന്തിക്കാർ നിൽക്കുന്ന ഇന്ത്യ തന്നെ കുത്തക വിരുദ്ധ നിലപാട് പ്രാവർത്തികമാക്കിക്കൊണ്ട് ലോകത്തിന് മാതൃകയാകണം.

15. വികസ്വര രാജ്യങ്ങളുടെ കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുകയും, അവയുടെ സഹകരണത്തോടെ ആഗോളതലത്തിൽ ഒരു സുസ്ഥിരവികസന പ്രസ്ഥാനത്തിന് രൂപം നൽകണം.

16. വികസന പ്രവർത്തനങ്ങൾക്ക് തദ്ദേശീയമായ ഫണ്ടുകളെ പരമാവധി ഉപയോഗിക്കണം.